please discuss ഞാൻ മിക്കവാറും അങ്ങനെയാണ് എഴുതുന്നത്. അങ്ങനെ എഴുതി വച്ചു. അതാണ് അത് സ്റ്റേ അല്ല. ഒരു ചർച്ചയ്ക്കുവേണ്ടി എഴുതുകയാണ്. സ്റ്റേ ചെയ്തു എന്നുള്ള നിലയിൽ പത്രങ്ങളിൽ വാർത്ത വന്നു. പത്ര വാർത്തകൾ ദിവസവും നിഷേധിക്കുന്ന ഒരു പതിവില്ലാത്തതുകൊണ്ട് ഞാൻ അത് നിഷേധിക്കാൻ പോയില്ല. അതാണ് അതിലുണ്ടായ തെറ്റിദ്ധാരണ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വിജിലൻസിന്റെ റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എനിക്ക് ഇതൊന്ന് എഴുതിത്തന്നാൽ ഞാൻ അന്വേഷിച്ചിട്ട് അതിന്റെ വിവരം അറിയിക്കാം. ഇപ്പോൾ പെട്ടെന്ന് ഓർമ്മയിൽ നിന്ന് പറയാൻ സാദ്ധ്യമല്ല. എന്തൊക്കെയാണ് പറഞ്ഞതെന്ന് എനിക്കും അറിയില്ല. അങ്ങ് എനിക്ക് എഴുതിത്തന്നാൽ അത് വളരെ ഗൗരവമായിത്തന്നെ അന്വേഷിച്ചിട്ട് അതിന്റെ വിവരം അങ്ങയെ അറിയിക്കാം. അതുകൊണ്ട് അങ്ങ് ഇന്നുതന്നെ എഴുതിത്തന്നാൽ ഞാൻ അടിയന്തിരമായി അന്വേഷിക്കാം. ഗവൺമെന്റ് യാതൊന്നും മറയ്ക്കുന്നില്ല. ഞാൻ നേരത്തെ പറഞ്ഞല്ലോ, ഇൻഡ്യാ രാജ്യത്ത്, ലോകം മുഴുവൻ കൊട്ടിഘോഷിച്ചു കേരളത്തിൽ എന്തോ കൂട്ടക്കുരുതി നടന്നു എന്ന്. ഞങ്ങൾ ഒന്നും മറച്ചുവയ്ക്കാൻ ശ്രമിച്ചില്ല. എന്നാൽ ശരി സി.ബി.ഐ. അന്വേഷിച്ചോ എന്ന് ഞങ്ങൾ പറഞ്ഞു ചോദിച്ചതും. ചോദിക്കാത്തതുമെല്ലാം സി.ബി.ഐ.ക്ക് വിട്ടുകൊടുത്തു. ഇതിനെക്കുറിച്ച് ഇതാണ് എനിക്ക് പറയാനുള്ളത്.

(2) ഓപ്പൺ സ്കൂൾ പരീക്ഷയുടെ ചോദ്യപേപ്പർ ലഭ്യമാക്കിയതിലെ കാലതാമസം

ശ്രീ. മത്തായി ചാക്കോ : സർ, ഓപ്പൺ സ്കൂളിലെ പ്ലസ് വൺ പരീക്ഷയുമായി ബന്ധപ്പെട്ടുകൊണ്ട് കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിന്റെ പിടിപ്പുകേടിന്റേയും വീഴ്ചയുടേയും ഫലമായി അഞ്ഞൂറോളം വരുന്ന വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലായ വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. ഓപ്പൺ സ്കൂൾ പരീക്ഷ യഥാർത്ഥത്തിൽ റഗുലർ സ്കീമിന്റെ കൂടെ മാർച്ച് മാസം 31-ന് അവസാനിക്കേണ്ടതാണ്.

മി. സ്പീക്കർ : Is it a Public Examination or an Internal Examination ?

ശ്രീ. മത്തായി ചാക്കോ : സർ, പ്ലസ് വൺ പബ്ലിക് എക്സാമിനേഷനാണ്. ആ എക്സാമിനേഷൻ യഥാർത്ഥത്തിൽ മാർച്ചിൽ തീരേണ്ടത് വെക്കേഷൻ കഴിഞ്ഞ് ജൂൺ മാസത്തിലാണ് തുടങ്ങിയത്. കോഴിക്കോട് ജില്ലയിലും ഈ സ്റ്റേറ്റിന്റെ പല ഭാഗങ്ങളിലും ഇതിന് കൃത്യമായ സെന്ററുകൾ നിർണ്ണയിച്ച് ആളുകളെ നിശ്ചയിച്ചുകൊടുക്കുന്ന ഒരു ഏർപ്പാട് ഉണ്ടായിരുന്നില്ലേ? കൊയിലാണ്ടി മാപ്പിള സ്കൂളിലും അതുപോലെ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലും 20-ാം തീയതി വെള്ളിയാഴ്ചയാണ് ആ സെന്ററിൽ പരീക്ഷയുണ്ടെന്നുള്ള വിവരം കൊടുക്കുന്നത്. 20-ാം തീയതി രാത്രി വരെ അവിടെ ഹെഡ്മാസ്റ്ററും അദ്ധ്യാപകരും ചോദ്യപേപ്പർ വരുന്നതും കാത്തിരുന്നു. അവിടെ വന്നില്ല. വിളിച്ചുചോദിച്ചപ്പോൾ അയച്ചിട്ടുണ്ട് എന്നുള്ള മറുപടിയാണ് ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നിന്ന് കിട്ടിയത്. 21-ാം തീയതിയാണ് പരീക്ഷ നിശ്ചയിച്ചിരുന്നത്. ഗവൺമെന്റ് ഗേൾസ് സ്കൂളിലെ

LIBRARY ARCHIVES Kerala Legislative Assembly

29 കുട്ടികളും മാപ്പിള സ്കൂളിലെ 180 കുട്ടികളുമാണ് ഈ പരീക്ഷ എഴുതേണ്ടിയിരുന്നത്. 10 മണിക്ക് ആണ് പരീക്ഷ നടക്കേണ്ടത്. 10 മണിക്ക് വിളിച്ച് ചോദിക്കുമ്പോഴും ചോദ്യപേപ്പർ എത്തിയില്ല. 12 മണി കഴിഞ്ഞതോടുകൂടി ചോദ്യപേപ്പർ വരാത്തതുകൊണ്ട് കുട്ടികൾ കൊയിലാണ്ടി പട്ടണത്തിൽ മുദ്രാവാക്യം വിളിച്ച് പ്രകടനം നടത്തിയപ്പോൾ ആ മുദ്രാവാക്യം കേട്ടപ്പോഴാണ് സി.എച്ച്.മുഹമ്മദ് കോയയുടെ പേരിലുള്ള കൊയിലാണ്ടി ലീഗ് ഓഫീസിൽ ഓഫീസ് സെക്രട്ടറിയായ പച്ചതലക്കെട്ട് എന്ന് കൊയിലാണ്ടി ടൗണിൽ അറിയപ്പെടുന്ന കെ.കെ.വി.അബൂബക്കർ ലീഗിന്റെ ഓഫീസിൽ തലേന്ന് ഒരു കെട്ട് ഏൽപ്പിച്ചല്ലോ എന്നുള്ളത് ഓർമ്മിച്ചത്. ഇത് Indian Express പത്രമാണ്. "Question paper handed over to IUML office – open school students left in lurch at Quilandy." ഇത് മാദ്ധ്യമം പത്രമാണ്. 'ചോദ്യപേപ്പർ' ലീഗ് ഓഫീസിൽ 'ഓപ്പൺ പ്ലസ് വൺ പരീക്ഷ മുടങ്ങി'. എ.വി.അബ്ദുറഹിമാൻ ഹാജിയുടെ നേതൃത്വത്തിലുള്ള പത്രമാണ് വർത്തമാനം. ഇതിൽ പറയുന്നത് ചോദ്യപേപ്പർ ലീഗ് ഓഫീസിൽ പ്ലസ് വൺ പരീക്ഷ മുടങ്ങി. പച്ചതലക്കെട്ട് എന്നപേരിൽ അറിയപ്പെടുന്ന കെ.കെ.വി.അബൂബക്കറും ഈ ചോദ്യപേപ്പറുമായി എന്ത് ബന്ധമാണുള്ളത്? അമാവാസിയും അബൂബക്കറും തമ്മിലുള്ള ബന്ധംപോലും ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതല്ലല്ലോ? വിദ്യാഭ്യാസ വകുപ്പ് യഥാർത്ഥത്തിൽ ചോദ്യപേപ്പർ ഏൽപ്പിക്കാൻ വേണ്ടി ലീഗ് ഓഫീസിൽ കൊണ്ടുപോയി കൊടുത്തു എന്നുപറഞ്ഞാൽ എന്തു ന്യായമാണ്? മാർക്സിസ്റ്റ് പാർട്ടിയുടെ ഓഫീസിലോ കോൺഗ്രസ്സ് (ഐ) യുടെ ഓഫീസിലോ ചോദ്യപേപ്പർ ഏൽപ്പിച്ചിട്ടുള്ള സംഭവം കേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടുണ്ടോ? 12 മണിക്ക് ഈ വിവരം അറിഞ്ഞപ്പോൾ അബൂബക്കർ ചോദ്യക്കടലാസുമായി സ്കൂളിൽ എത്തി. അപ്പോൾ നിങ്ങളും ഇതുമായി എന്ത് ബന്ധമാണെന്ന് സ്കൂൾ അധികൃതർ ചോദിച്ചു. അപ്പോൾ അയാൾ തിരിച്ചു പോയിട്ട് കൊയിലാണ്ടി മുനിസിപ്പാലിറ്റി കൗൺസിലറായ ശ്രീ. കെ. ഇബ്രാഹിമിനെയും കൂട്ടി സ്കൂളിലെത്തി.

കൗൺസിലർ വന്നു. അയാളുടെ കൈയിൽ നിന്ന് രേഖകൾ എഴുതി വാങ്ങി. ഞങ്ങൾ ഓഫീസിൽ നിന്നാണ് കൊണ്ടുവരുന്നത് എന്നു പറഞ്ഞാണ് എഴുതി വാങ്ങിയത്. ചോദ്യ പേപ്പറും വാങ്ങി വച്ചു. അടുത്ത സ്കൂളിലേക്ക് പോയി. അബൂബക്കർ തന്നെയാണ് അവിടെ എഴുതി കൊടുത്തിരിക്കുന്നത്.

മി. സ്പീക്കർ: എത്ര പ്രാവശ്യം പറഞ്ഞു.

ശ്രീ. മത്തായി ചാക്കോ: സർ, ഉച്ച കഴിഞ്ഞ് മലയാളത്തിന്റെയും, അറബിയുടെയും, ഹിന്ദിയുടെയും പരീക്ഷയാണ്. അബൂബക്കർ കൊണ്ടു കൊടുത്ത കെട്ടിൽ സ്കൂൾ അധികൃതർ പെട്ടി പൊട്ടിച്ചു നോക്കിയപ്പോൾ ഹിന്ദിയുടെയും, അറബിയുടെയും ഉണ്ട്, മലയാളത്തിന്റെ ഇല്ല. കോഴിക്കോട്ടേക്ക് വീണ്ടും വിളിച്ചപ്പോൾ അവർ നിങ്ങൾ അടുത്തുള്ള ഏതെങ്കിലും സ്കൂളിൽ പോയി ഒരു കോപ്പി വാങ്ങി ഫോട്ടോസ്റ്റാറ്റ് എടുത്ത് കുട്ടികൾക്ക് കൊടുത്തു കൊള്ളാൻ പറഞ്ഞു. ഇതെന്താണ് സർ, ഇങ്ങനെ പരീക്ഷ നടത്താൻ പറ്റുമോ? സാധാരണ എസ്.എസ്.എൽ. സി. പരീക്ഷക്ക് 20 കുട്ടികൾക്ക് ഒരു സൂപ്പർവൈസർ എന്നാണ്. ഇപ്പോൾ പറയുന്നത് ഇവിടെ 30 കുട്ടികൾക്ക് ഒരു സൂപ്പർവൈസർ എന്ന്. കോ-ഓർഡിനേറ്റർമാരായിട്ട് ലീഗ് ഓഫീസിന്റെ..... ഈ.....ആളുകളെ.....ഈ ഓഫീസിന്റെ .....മുസ്ലിം ലീഗിന്റെ പ്രവർത്തകർ.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അത് ഒരിക്കൽ പറഞ്ഞതാണ്.

ശ്രീ. മത്തായി ചാക്കോ: സർ, നാലുപേരെ സസ്പെന്റ് ചെയ്തു. കെ. സി. മുജീബ് റഹ്മാൻ, മുസ്താക്ക, ബാവ, കെ.വി.ഔസേപ്പ്. ഇവരെ നാലു പേരെയും സസ്പെന്റ് ചെയ്തു. ഇവരൊന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ പി.എസ്.സി.വഴിയോ നിയമനം കിട്ടിയവരല്ല. ഇവരൊക്കെ ലീഗ് ഓഫീസിൽ നിന്ന് പേര് കൊടുക്കുന്നതനുസരിച്ച് നിയമനം കിട്ടുന്നവരാണ്. കഷ്ടമല്ലേ സർ, ഇമ്മാതിരിയുള്ള.....

മി. സ്പീക്കർ : There must be some limit. yes, minister you can reply.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. നാലകത്തു സൂപ്പി) : സർ, ബഹുമാനപ്പെട്ട മെമ്പർ മത്തായി ചാക്കോ ഇവിടെ ഉന്നയിച്ച ആവശ്യങ്ങളെ സംബന്ധിച്ചിടത്തോളം, ഞാൻ തന്നെ ഇന്നലെ കോഴിക്കോട്ട് ഉണ്ടായിരുന്നു. അന്വേഷണം നടത്തി. കൊയിലാണ്ടി മാപ്പിള ഹയർ സെക്കന്ററി സ്കൂളിലേയും, കൊയിലാണ്ടി ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലേയും ഓപ്പൺ സ്കൂൾ പരീക്ഷകളിലെ മലയാളം ചോദ്യപേപ്പർ യഥാസമയം എത്തിയില്ല എന്നത് വസ്തുതയാണ്. 16-6-2003 ലാണ് ഓപ്പൺ സ്കൂൾ ജില്ലാ കേന്ദ്രങ്ങളിൽ ഈ ചോദ്യപേപ്പർ എത്തിച്ചത്. ഈ ജില്ലാ കേന്ദ്രങ്ങളിൽ നിന്നും 20-6-2003 ലാണ് എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും എത്തിക്കാൻ തലേ ദിവസമാണ് നിർദ്ദേശം കൊടുത്തത്. 21, 22 തീയതികളിലും, 28, 29 തീയതികളിലുമായിട്ട്, 4 ദിവസങ്ങളിലാണ് ഓപ്പൺ സ്കൂൾ പരീക്ഷ നടക്കുന്നത്. റെഗുലർ സ്കീമിലുള്ള ഇന്റേണൽ എക്സാമിനേഷൻ എന്നുള്ള രീതിയിൽ ആണ് നടത്തിക്കൊണ്ടു വരുന്നത്. 38 ജില്ലകളിലായി പതിനൊന്നായിരം വിദ്യാർത്ഥികളാണ് പരീക്ഷ എഴുതേണ്ടത്. നമ്മുടെ സംസ്ഥാനത്ത് മൊത്തം 249 ഹയർ സെക്കന്ററി സ്കൂളുകളിലായിട്ട് എഴുപതിനായിരം വിദ്യാർത്ഥികൾ പരീക്ഷ എഴുതി. അടുത്ത 28, 29 തീയതികളിലാണ് ഇനി ബാക്കി എഴുതാനുള്ളത്. ഇത്രയും വിപുലമായ സംവിധാനത്തിൽ വളരെ കുറച്ചു സമയം കൊണ്ട് കുട്ടികളെ പരീക്ഷക്ക് ഇരുത്തുന്നതിൽ വന്ന പാളിച്ചയാണ്. അത് ഞാൻ ന്യായീകരിക്കുകയല്ല. ക്വസ്റ്റ്യൻ പേപ്പർ കൊയിലാണ്ടിയിലെ രണ്ടു സ്കൂളിൽ എത്തുന്നതിൽ വന്ന വീഴ്ച വളരെ ഗുരുതരമായിത്തന്നെ കാണുന്നു. ബന്ധപ്പെട്ട നാലുപേരേയും ഉടനെ തന്നെ സസ്പെന്റ് ചെയ്യുകയും ചെയ്തു. ചാർജ് വേറെ ആളേയും ഏൽപ്പിച്ചു. ഒരു ലീഗ് ഓഫീസിലും അല്ല. വാസ്തവ വിരുദ്ധമായ കാര്യമാണ്, സത്യം ഞാൻ തന്നെ പറയാം. ദേശാഭിമാനിയിലോ, ഇൻഡ്യൻ എക്സ്പ്രസിലോ, മാധ്യമങ്ങളിലോ വന്നതുകൊണ്ട് ഞാൻ അംഗീകരിച്ചു തരണമെന്നില്ല. ഞാൻ അന്വേഷിച്ചു.

.....ബഹളം.....ബഹളം.....ബഹളം.....

മി. സ്പീക്കർ : ഓർഡർ.....ഓർഡർ..... മന്ത്രി മറുപടി പറയുകയാണ്. പ്ലീസ്.....പ്ലീസ്.....

.....(ബഹളം.).....(ബഹളം)..... Let the Minister answer. നിങ്ങൾ ഈ ആവശ്യമില്ലാത്ത ബഹളം ഉണ്ടാക്കരുത്. അവർ ഒരു ആരോപണം വച്ചു. അത് നിങ്ങൾ ഏറ്റുപിടിക്കുന്നത് എന്തിനാണ് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്തു സൂപ്പി : സർ, 16-ാം തീയതി ജില്ലാ കേന്ദ്രങ്ങളിൽ എത്തിച്ച ചോദ്യ പേപ്പറുകൾ അതാതു പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിച്ചത് ഇരുപതാം തീയതിയാണ്. 21-ാം തീയതിയാണ് പരീക്ഷ തുടങ്ങുന്നത്. 20-ാം തീയതി രാത്രിയോടുകൂടി എല്ലാം എത്തിച്ചു കൊടുക്കണം. 38 സ്കൂളുകളിലാണ് എത്തിച്ചു കൊടുക്കേണ്ടത്. വടകര താലൂക്കിലാണ് ഈ പ്രശ്നം സംഭവിച്ചത്. കോഴിക്കോട് ഏരിയായിൽ സംഭവിച്ചില്ല. വടകര താലൂക്കിൽ ചാർജിൽ ഉണ്ടായിരുന്ന ശ്യാമൻ എന്നു പറയുന്ന കോ-ഓർഡിനേറ്റർ തൽക്കാലം സ്ഥലം വിട്ടു. പിന്നീട് അത് അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ ഈ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് മുഴുവൻ വിദ്യാലയങ്ങളിൽ എത്തിക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി തലേ ദിവസം രാത്രി സ്കൂളിൽ എത്തിക്കാൻ സാധിച്ചില്ല. ഞാൻ സമ്മതിച്ചല്ലോ. മറച്ചു വച്ചിട്ട് കാര്യമില്ല. പിറ്റേ ദിവസം സ്കൂളിൽ എത്തിക്കാൻ ഏർപ്പാട് ചെയ്തു. ലീഗ് ഓഫീസിലാണ് വച്ചത് എന്നുള്ള ഒരു പരാമർശമാണ് പത്രങ്ങളിൽ വന്നത്. ഞാൻ വളരെ കണിശമായും ഉത്തരവാദിത്വത്തോടും കൂടിയാണ് പറയുന്നത്, ലീഗ് ഓഫീസിൽ വച്ചിട്ടില്ല. പത്രങ്ങളിൽ വരും.....(ബഹളം).....(ബഹളം).....

ഞാൻ പറയാം. പത്രങ്ങളിൽ പലതും വരും. ഇത്തരം സംഭവം ഉണ്ടാവാൻ പാടില്ലായിരുന്നു. ന്യായീകരിക്കാനല്ല. ഇന്റേണൽ എക്സാമിനേഷൻ ആണെങ്കിൽ പോലും ഞാനിത് ചെറുതായി കാണുന്നില്ല. കഴിഞ്ഞ കാലങ്ങളിൽ ഓപ്പൺ സ്കൂൾ പരീക്ഷ നടത്തിയിരുന്ന സിസ്റ്റത്തെക്കുറിച്ച് ബഹുമാനപ്പെട്ട മത്തായി ചാക്കോ പറഞ്ഞല്ലോ. മാർച്ചിലാണ് സമയം എന്ന്. മാർച്ചിൽ നടത്തിയത് റെഗുലർ പരീക്ഷയാണ്. ഇത് ഇന്റേണൽ പരീക്ഷ എന്നുള്ള നിലയിൽ നടത്തിയതാണ്. ഇപ്രാവശ്യം 6 മാസത്തിനു മുൻപാണ് നടത്തിയിട്ടുള്ളത്. ഷെഡ്യൂൾ അനുസരിച്ച നേരത്തെ നടത്തിയതാണ്. അങ്ങനെ നടത്തിയ പരീക്ഷയുടെ ചോദ്യപേപ്പർ ബന്ധപ്പെട്ട കോ-ഓർഡിനേറ്റർമാരുടെ അനാസ്ഥമൂലം സ്കൂളിൽ യഥാ സമയം എത്തിക്കാൻ സാധിച്ചില്ല. അല്ലാതെ ലീഗ് ഓഫീസിൽ സൂക്ഷിച്ചിട്ടില്ല. രേഖാമൂലം എഴുതി കൊടുത്തതാണ്. പേപ്പർ കൊടുത്തയാൾ രേഖാമൂലം എഴുതിക്കൊടുത്തു. വേറൊരു സ്ഥലത്ത് വച്ചതായിരുന്നു. അവരുടെ കസ്റ്റഡിയിൽ ആയിരുന്നു. കോ-ഓർഡിനേറ്റർമാർ ചെയ്തതാണ്.

.....(ബഹളം).....(ബഹളം).....

മി. സ്പീക്കർ : മത്തായി ചാക്കോ പറഞ്ഞതു മുഴുവൻ അവർ കേട്ടിരുന്നല്ലോ Let the Minister answer. yes.....yes.....

ശ്രീ. നാലകത്തു സൂപ്പി : സർ, ഇതുമായി ബന്ധപ്പെട്ട് എനിക്ക് ബോധ്യമായത് ബന്ധപ്പെട്ട കോ-ഓർഡിനേറ്റർമാരുടെ ഭാഗത്ത് തെറ്റു പറ്റിയിട്ടുണ്ട്. അതിന് നടപടിയെടുത്തു. ഇനി ഏതെങ്കിലും ഉദ്യോഗസ്ഥൻമാർ അനാസ്ഥ കാണിച്ചിട്ടുണ്ടെങ്കിൽ അന്വേഷണം നടത്തി അവരുടെ പേരിൽ നടപടിയെടുക്കും. ഈ കാര്യത്തിൽ യാതൊരു ദയാദാക്ഷിണ്യവും ഇല്ല, ഒരു വിട്ടുവീഴ്ചയുമില്ല. അതാണ് ഇതിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ഒരു കാര്യം കൂടി ശ്രീ. മത്തായി ചാക്കോ പറഞ്ഞതിലൊക്കെ തെറ്റായ വിശദീകരണമാണ്. വേറൊരു കാര്യം കൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ് നമ്മുടെ വാർത്താ മാധ്യമങ്ങളെല്ലാം.....

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, പരീക്ഷാ പേപ്പർ ഏതെങ്കിലും ഡിപ്പാർട്ടുമെന്റ് ഓഫീസുകളിൽ വച്ചു മറന്നുപോയി എന്നു പറഞ്ഞാൽ മനസ്സിലാക്കാം. ഈ ലീഗ് ഓഫീസിൽ ഇത് എങ്ങനെ വന്നു? അവിടെ നിന്ന് പിന്നീട് കൊണ്ടുകൊടുത്തു എന്നു പറയുന്നത് അങ്ങ് അന്വേഷിച്ചോ ? എന്തായിരുന്നു വസ്തുത? പേപ്പർ എവിടെയായിരുന്നു ?

ശ്രീ. നാലകത്തു സൂപ്പി : സർ, ഞാൻ അന്വേഷിച്ചു. ലീഗ് ഓഫീസിൽ വച്ചിട്ടില്ല. ഞാനാണ് പറയുന്നത് വച്ചിട്ടില്ല. ഉത്തരവാദിത്വത്തോടുകൂടിയാണ് പറയുന്നത്. കോ-ഓർഡിനേറ്റർമാർ, ഏൽപ്പിച്ച ആളുകൾ വേറൊരു സ്ഥലത്താണ് വച്ചത്. അതേ സംഭവിച്ചുള്ളൂ. കുറ്റപ്പെടുത്തുകയല്ല. സത്യം സത്യമായി പുറത്തു കൊണ്ടു വരേണ്ടതാണ്. കണ്ണൂർ ജില്ലയിലെ ഒരു കോ-ഓർഡിനേറ്റർ മാനസിക പ്രയാസം കാരണം ആത്മഹത്യ ചെയ്തു. കാരണം ആവശ്യമില്ലാതെ ചില പത്രങ്ങൾ ഇയാളെ വിളിച്ച് ഭീഷണിപ്പെടുത്തി. ക്വസ്റ്റ്യൻ പേപ്പർ എത്തി, പത്തിരുന്നൂറ് ക്വസ്റ്റ്യൻ പേപ്പർ കുറവായിരുന്നു. ബഹുമാനപ്പെട്ട മത്തായി ചാക്കോ പറഞ്ഞതുപോലെ കുറവുള്ള സന്ദർഭങ്ങളിൽ ഫോട്ടോസ്റ്റാറ്റ് എടുത്തു കൊടുക്കുകയാണ് ചെയ്യുന്നത്. സനൽ എന്നു പറയുന്ന ചെറുപ്പക്കാരനായ കോ-ഓർഡിനേറ്റർ വളരെ സിൻസിയറായിട്ട് വർക്ക് ചെയ്തതാണ്. മീഡിയക്കാരുടെ പീഡനം കാരണം മാനസികമായി പ്രയാസം തോന്നിയ അദ്ദേഹം, ആത്മഹത്യ ചെയ്തു. ഇത് അന്വേഷണം നടത്തേണ്ട കാര്യമാണ്. ഒരു സംഭവം വരുമ്പോൾ അത് എന്താണെന്ന് അന്വേഷിക്കാതെ ഉദ്യോഗസ്ഥൻമാരേയും അതുപോലെ തന്നെ വല്ല ആളുകളേയും ഇത്രയുമധികം പീഡിപ്പിക്കുന്ന അവസ്ഥ നല്ലതല്ല എന്നാണ് സാമാന്യ രീതിയിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. ഏതായാലും ഒരു കാര്യത്തിൽ തർക്കമില്ല. 100% പരീക്ഷാ നടത്തിപ്പിന്റെ കാര്യത്തിൽ തെറ്റു ചെയ്തിട്ടുള്ള ആളുകൾക്കെതിരെ കുറ്റമറ്റതായി നടപടി എടുക്കും എന്നാണ് ബഹുമാനപ്പെട്ട മെംപർമാരോട് എനിക്ക് പറയാനുള്ളത്.

(3) തലശ്ശേരിയിലെ തലായിയിൽ ഫിഷിംഗ് ഹാർബർ നിർമ്മാണം ത്വരിതപ്പെടുത്തൽ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. തലശ്ശേരിയിലെ തലായിയിൽ ഫിഷിങ്ങ് ഹാർബർ നിർമ്മിക്കണമെന്നത് 1967 മുതലുള്ള നിർദ്ദേശമാണ്. എല്ലാ ബഡ്ജറ്റിലും ഇതിന് പ്രഖ്യാപനങ്ങൾ ഉണ്ടാകാറുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണ കാലത്ത് സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുകയും പ്രാഥമിക നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഇരുപത് കോടിയോളം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അയച്ചിരിക്കുകയാണ്. ഇതു സംബന്ധിച്ച് അടിയന്തിരമായി കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് ഈ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) : സർ, തലായി മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് 1370 ലക്ഷം രൂപയുടെ പ്രോജക്ട് എസ്റ്റിമേറ്റിന് കേന്ദ്രാനുമതി പ്രതീക്ഷിച്ചുകൊണ്ട് സംസ്ഥാന സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly